


കാലാതിവർത്തിയാം ഒരു മഹാ നായകൻ തൻ
കാലൊച്ച കേൾക്കാൻ ബ്രഹ്മാണ്ഡമൊന്നായ്
കാതോർക്കവേ
ആ ധന്യ ഗർഭം ധരിച്ചവൾ, വീരമാതാവായ്
അറേബ്യാ മരുഭൂമിയുർവരം ഉണരവേ
ഹിറയിലാ പ്രവാചക വരവു കൺപാർത്ത
ഹിജാസിന്റെയരുണമാം ചക്രവാളങ്ങളേ
ഈശ്വര ചൈതന്യസാരം മണ്ണിൽ വിളങ്ങിയ
ഈ ഹിറാ തപസ്ഥലിയിലെന്നെയും പുൽകുക.

മാനവ ഹൃത്തായ സിംഹാസനത്തിൽ വാഴുവാൻ
ആ ജനനായകൻ വന്നതിവിടെനിന്നല്ലോ.
ഇവിടെനിന്നല്ലോ ആർത്ത വിമോചന താര-
സ്വരമന്ന് മരുചക്രവാളം കടന്നുപോയ്.

കൊടിയ ഭോഗാതുരക്കോയ്മതൻ കോട്ടകളിൽ
ഇടിമുഴക്കങ്ങളായാ സ്വരം പടരവേ
ഹുങ്കാർന്ന ചെങ്കോൽ കിരീടങ്ങൾ വീണു, കിങ്കരർ
ഉച്ഛിഷ്ടമായ് ചരിത്ര ചതുപ്പിൽ പുതഞ്ഞുപോയ്.
കെട്ടടിഞ്ഞൊരാ സാമ്രാജ്യ ഫോസിലുകൾക്കുമേൽ
കാലമോ, കാർക്കിച്ചു തുപ്പിക്കടന്നു പോകുന്നു.

പുല്ല്, പുൽചാടികൾ, പറവകൾ, ചരാചര
വൃന്ദങ്ങളെല്ലാമുലകിൻ തുല്യാവകാശികൾ
എന്നു ലോകത്തോടുച്ചം ഉര ചെയ്ത നീതിമാൻ
മഹാഗുരു നബിയിൽന്നകലെയല്ലാ ഗയ!

അടിമച്ചരക്കായ് വിലപേശി ചന്തകളിൽ
ആട്ടിത്തെളിക്കപ്പെട്ടവർ പാവം സ്ത്രീ സമൂഹത്തെ
അൻപാർന്ന കൈകളാൽ ധീരമായ് അധികാര
സോപാന വഴിയിലേക്കാനയിച്ചോനേ റസൂലേ
അവിടുത്തെ വഴിയും വെളിച്ചവുമാകുന്ന-
തെന്നും ഏക ദൈവത്വമാ മാദർശ വാക്യമാം.

ആർഷഗാഥയും അധ്വാന വേർപ്പിൻ മഹത്വവും
ആ തേജസ്വരൂപന്റെ സാത്വിക വചസ്സിലായ്
പാലിൽ വെണ്ണപോൽ സാന്ദ്രമായ് സാരസമ്പൂർണമായ്
വിലയിച്ചു വിശൈക സ്നേഹ തരംഗങ്ങളായ്.

ഹിറയിൽനിന്നുരുവാർന്നു വന്നെത്തുമാ ദിവ്യ-
രാഗ തരംഗങ്ങളൂർജമായ്, ഉണ്മമായ് വാഴ്‌വിൻ
സിരകളിലൂടൊഴുകിപ്പടർന്നു പോകുമ്പോൾ
തൊലി കുല ദേശ വിവേചനമില്ലാ, തുല-
കിനെയൊറ്റ കുടുംബകമായി വിളിക്കുമ്പോൾ
കാലത്തിൻ ഗർഭത്തിലൊരു പുതു ഹിറാ യുഗം
ജാഗരം കൊൾവതും, ആയതിന്നരുണോദയ-
ത്തിൻ ദീപ്തിയിൽ ലോകമുണരുന്നതും കാൺകയാം.

■

kmelambilakode@gmail.com

*ഹിറാ ഗുഹ സന്ദർശിച്ചതിന്റെ ഓർമയ്ക്ക്. മരുഭൂവിലെ ഒരു ശിശി രർത്തുവിൽ തണുത്ത പ്രഭാതത്തിലാണ് മക്കയിലുള്ള അനുജൻ അശ്റഫിന്റെ കൂടെ ജബലുന്നൂറിലെത്തിയത്.